(ഇ) 1200 കോടിയിലധികം രൂപ 1997-ലെ ശമ്പള പരിഷ്കരണത്തിനു വേണ്ടി ചെലവായിട്ടുണ്ടെന്നു കണക്കാക്കുന്നു.

(എഫ്, ജി) ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് അഭിപ്രായം സമർപ്പിക്കുന്നതും കമ്മീഷന്റെ പരിശോധനാ വിഷയത്തിൽ ഉൾപ്പെടുന്നു.

ധനകാര്യ പരിശോധനാ വിഭാഗം

21 [2630] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ പരിശോധനാ വിഭാഗം ഏത്ര പരിശോധനകൾ നടത്തിയിട്ടുണ്ടെന്നും തുടർന്ന് സ്വീകരിച്ച നടപടികളുടേയും വിശദാംശങ്ങൾ വകുപ്പ് തിരിച്ച് പറയാമോ;

(ബി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തലുകൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് നിശ്ചിത കാലപരിധിക്കുള്ളിൽ സർക്കാരിന് സമർപ്പിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തലുകൾ ഗൗരവ പൂർവ്വം പരിഗണിച്ച് മേൽ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3789.

ക്രമക്കേട് കണ്ടെത്തിയ വകുപ്പുകൾ:

പട്ടികജാതി-പട്ടിക വർഗ്ഗ വികസനം
വിദ്യാഭ്യാസം
റവന്യൂ
കൃഷി
ജലവിഭവം
തദ്ദേശസ്വയംഭരണം
നികുതി
ഗതാഗതം
ആരോഗ്യം
വ്യവസായം
തൊഴിൽ
പൊതുമരാമത്ത്
ആഭ്യന്തരം
ടൂറിസം
സാമൂഹ്യക്ഷേമം
ഉന്നത വിദ്യാഭ്യാസം
മൃഗസംരക്ഷണം
അച്ചടി വകുപ്പ്
ട്രഷറി
ഭവന നിർമ്മാണം
പുരാവസ്തു സംരക്ഷണം
ആസൂത്രണം

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യ ബന്ധനം
വിദ്യുച്ഛക്തി
സാങ്കേതിക വിദ്യാഭ്യാസം
ജയിൽ
തുറമുഖം
ഇൻഷ്വറൻസ്
ഭൂജലം
ദേശീയസമ്പാദ്യം
ശാസ്ത്ര സാങ്കേതികം
വനം

ക്ഷേമം എന്നീ വകുപ്പുകളിലാണ് ക്രമക്കേടുകളും കണ്ടെത്തിയിട്ടുള്ളത്.

സാമ്പത്തിക തിരിമറി, ധനദുർവിനിയോഗം, ധനവിനിയോഗത്തിലെ ക്രമക്കേടുകൾ, ഓഫീസ് നടപടി ക്രമങ്ങളിലെ വീഴ്ച, ദിവസ വേതനക്കാരെ നിയമിച്ചതിലെ ക്രമക്കേട്, വാഹന ദുർവിനിയോഗം, നികുതി വെട്ടിപ്പ്, സാധനങ്ങൾ വാങ്ങിയതിലെ ക്രമക്കേട്, നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേട്, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കൽ, അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് തുടങ്ങിയ ക്രമക്കേടുകളാണ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്.

ക്രമക്കേടിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്ക നടപടി, സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായ കേസുകളിൽ ഈ നഷ്ടം ഉത്തരവാദികളിൽനിന്നും വസൂലാക്കൽ തുടങ്ങിയ ശുപാർശകളോടെ പരിശോധനാ റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഭരണ വകുപ്പു കൾക്കു നൽകിയിട്ടുണ്ട്. റിപ്പോർട്ടുകളിലെ ശുപാർശകളിൻമേൽ നടപടി കൈക്കൊള്ളേണ്ടത് അതാത് ഭരണ വകുപ്പുകളാണ്.

(ബി) ഇല്ല.

(സി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തലുകൾ ഗൗരവ പൂർവ്വം പരിഗണിച്ച് റിപ്പോർട്ടുകളിലെ ശുപാർശകളിൻമേൽ നടപടി സ്വീകരി ക്കണമെന്നാവശ്യപ്പെട്ട് എല്ലാ ഭരണ വകുപ്പുകൾക്കും സർക്കുലറുകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

മംഗല്യ പദ്ധതി

22 [2631] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004–05 വർഷത്തെ ബജറ്റിന്റെ മുഖമുദ്രയായിരുന്ന മംഗല്യ പദ്ധതി നടപ്പിൽ വന്നോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിൽ വരുത്താത്തത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) ഇതിന്റെ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly